കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# എഴുകോൺ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി- 6/1622/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി –11/09/2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എഴുകോൺ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എഴുകോൺ ഗ്രാമപഞ്ചായത്ത് 2016 - 2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എഴുകോൺ ഗ്രാമപഞ്ചായത്തിന്റെ 2016 – 2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി

സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി.6/1622/17 തീയതി:11/09/2017

## കൊല്ലം ജില്ലയിലെ എഴുകോൺ ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ എഴുകോൺ ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20.11.2016 മുതൽ 19.7.17 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി. ഗീത.എം, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.7.2017 മുതൽ 29.7.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സജികുമാർ.ജി | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.പത്മകുമാരി.എൽ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അനീഷ്. വി.എസ്. | സീനിയർ ഗ്രേഡ് |

| | | |
|---|---|---|
| | | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.കെ.ശ്രീലത | 1-4-16 മുതൽ 31-3-17വരെ |
| സെക്രട്ടറി | ശ്രീ.പി.എം.ജോസഫ് | 1-4-16 മുതൽ 3-1-17വരെ |
| | ശ്രീ.ജയകുമാർ.എൻ | 3-1-17 മുതൽ 3-2-17 വരെ |
| | ശ്രീമതി.ജിജിമോൾ അലക്സ്. | 4-2-17 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.കോശി ഉമ്മൻ | 01.04.2016 മുതൽ 16.08.2016 വരെ |
| | ശ്രീ.സുനിൽകുമാർ.ആർ | 17.08.2016മുതൽ 31.03.2017വരെ |
| വെറ്റിനറി സർജൻ | ഡോ.എസ്.ശിവപ്രസാദ് | 1-4-16 മുതൽ 31-3-17 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.രേണു.സി.നായർ | 1-4-16 മുതൽ 31-7-16 വരെ |
| | ശ്രീമതി.സജി | 1-8-16 മുതൽ 31-3-17വരെ |
| വി. ഇ. ഒ (എ സർക്കിൾ) | ശ്രീമതി.ഷീനാഫിലിപ്പ് | 12.08.2016മുതൽ 31.03.2017വരെ |
| വി. ഇ. ഒ (ബി സർക്കിൾ) | ശ്രീ.ബിനു ഫ്രൻസിസ് | 1-4-16 മുതൽ 31-3-17 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഗിരിജ ഭായി | 01.04.2016മുതൽ 20.09.2016വരെ |
| | ശ്രീമതി.ശ്രീകുമാരി. | 20.09.2016 മുതൽ 31-3-17 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്. സി | ഡോ.അനൂപ് | 1-4-16 മുതൽ 31-3-17 വരെ |
| ഹെഡ്മിസ്ട്രസ് | ആനിയമ്മ ശാമുവേൽ | 01.04.2016മുതൽ 4.04.2016വരെ |
| | ശ്രീമതി.ഷീലാപണിക്കർ | 4.04.2016 മുതൽ 31.3.17 വരെ |
| അസി.എൻജിനിയർ | പി.അജയകുമാർ | 01.04.2016മുതൽ 13.07.2016വരെ |
| | ശ്രീമതി.സന്ധ്യ.വി.എസ് | 14-7-16 മുതൽ 31-3-17 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.സൂസൻ ബ്രൂണോ | 1-4-16 മുതൽ 31-3-17 വരെ |

## ഉള്ളടക്കം


| ക്രമ നം. | *ഭാഗം 1* | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | *ഭാഗം 2* | |
| 12 | ഇ ടെണ്ടർ നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. | 2-1 |
| 13 | മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല -നികുതി കാലഹരണപ്പെട്ട അവസ്ഥയിൽ. | 2-2 |
| 14 | കുടിശ്ശിക തുക പൂർണമായും ഒടുക്കാത്തവർക്കും പിഴപ്പലിശ ഒഴിവാക്കി | 2-3 |
| 15 | കുടിശ്ശികക്കാരിൽ നിന്നും കുടിശ്ശിക ഈടാക്കാത്തത് സംബന്ധിച്ച് | 2-4 |
| 16 | വസ്തു നികുതി – 1638/- രൂപ കുറവായി നിർണ്ണയിച്ചു | 2-5 |
| | ഭാഗം 3 | |
| 17 | തെരുവു വിളക്കുകൾക്ക് അറ്റകുറ്റപ്പണി (44/17), നിർവ്വഹണത്തിലെ ക്രമക്കേടുകൾ മൂലം 1,07,058/- രൂപ നിരാകരിക്കുന്നു | 3-1 |
| 18 | പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ, ഹൈ സ്പീഡ് സ്കാനർ എന്നിവ വാങ്ങൽ, ബൈ ബാക്ക് ഇനത്തിൽ തുക | 3-2 |

| | | |
|---|---|---|
| | കുറവു വരുത്തിയില്ല, 23,000/ രൂപയുടെ നഷ്ടം | |
| 19 | എൻ ആർ.എച്ച്.എം , ഹോമിയോ ആശുപത്രിയിലെ അറ്റൻഡർക്ക് അധികം തുക നല്കി- 38,350/രൂപ നിരാകരിക്കുന്നു. | 3-3 |
| 20 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- 3,98,060/- രൂപ തടസ്സപ്പെടുത്തുന്നു | 3-4 |
| 21 | സാക്ഷരതാ പ്രേരക് ഓണറേറിയം ഇനത്തിൽ തനതുഫണ്ടിൽ നിന്നും ചെലവഴിച്ച തുകകൾ കൃത്യമായി തിരികെ ഈടാക്കണം | 3-5 |
| 22 | ഫണ്ടുകളുടെ വിനിയോഗത്തിൽ ഗുരുതര വീഴ്ച -1,58,44,097/- നഷ്ടമായി. | 3-6 |
| 23 | ആയുർവേദ മെഡിക്കൽ ഓഫീസർ, അലോപ്പതി മെഡിക്കൽ ഓഫീസർ എന്നിവർ നിർവ്വഹണം നടത്തിയ മരുന്ന് വാങ്ങൽ പദ്ധതികൾ-മരുന്നുകൾ ലഭ്യമാകാനവശേഷിക്കുന്നു | 3-7 |
| 24 | കന്നുകുട്ടി പരിപാലനം പദ്ധതി -വിനിയോഗ രേഖകൾ ലഭ്യമാക്കാത്തത് | 3-8 |
| 25 | വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്തത് | 3-9 |
| 26 | ഗ്രോ ബാഗ് വിതരണം -സബ്സിഡി പരമാവധിയിലും അധികരിച്ചു | 3-10 |
| 27 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സാധനഘടകങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല. | 3-11 |
| | *ഭാഗം 4* | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 29 | ഡെപ്പോസിറ്റ് വർക്കിന് ൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 31 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.03.2016 തീയതിയിലെ II-ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷികധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 15.07.2017 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 28.7.2017 | ഈ റിപ്പോർട്ടിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

### ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ

1.മുൻ വർഷത്തേതുൾപ്പടെയുള്ള ആസ്തിയുടെ മൂല്യം തിട്ടപ്പെടുത്തി വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിട്ടുള്ളത് എന്നതിനാൽ സാംഖ്യാ അക്കൗണ്ട്സുമായി തുലനം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

3.സംയോജിത പ്രോജക്ടുകൾക്ക് മറ്റ് തദ്ദേശസ്ഥാപനങ്ങൾ ഫണ്ട് ലഭ്യമാക്കിയത് ഡി.ഡി.മുഖേനയാണ്. ആയതിനാൽ സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല.

4.സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകളിൽ നിന്ന് ഈടാക്കുന്ന വാറ്റ്, ആദായനികുതി, ക്ഷേമനിധി വിഹിതം ഇവ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. സാംഖ്യ-സഞ്ചയ സോഫ്റ്റവെയറുകളിൽ നികുതി വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഏകീകരിച്ചിട്ടില്ല. നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ്രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്താത്തതിനാൽ

വാർഷികധനകാര്യ പത്രികയിലെ വരവിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

5.സംയുക്ത പദ്ധതിക്ക് വേണ്ടിയുള്ള സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിന്റെ ക്ളോസിങ്ങ് ബാലൻസ് പാസ്സ് ബുക്ക പ്രകാരം 1,20,000/-ആണ് .അക്കൗണ്ട്സ് പ്രകാരം 31-3-17 ലെ ക്ലോസിങ്ങ് ബാലൻസ് 0 ആണ്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,42,41,121/- |
| വരവ് | 4,12,39,208/- |
| ആകെ | 5,54,80,329/- |
| ചെലവ് | 3,73,93,326/- |
| നീക്കിയിരിപ്പ് | 1,80,87,003/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി-യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതു വിഭാഗം | 0 | 7304660 | 7304660 | 7304660 | | |
| വികസന ഫണ്ട് എസ്.സി.പി. | 0 | 4528631 | 4528631 | 4528631 | | |
| വികസന ഫണ്ട് ടി.എസ്.പി. | 0 | | | | | |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 1787778 | 1787778 | 1787778 | | |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 1693198 | 1693198 | 1693198 | | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3515571 | 3515571 | 3515571 | | |
| പെർഫോമൻസ് ഗ്രാന്റ് | 0 | | | | | |
| എം.എൻ.ആർ. ഇ.ജി.എസ്. | 4381 | 26637936 | 26642317 | 26640714 | 1603 | |
| ബി ഫണ്ട് | 0 | 35552160 | 35552160 | 35552160 | | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ്വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാ-ത്തവ (എണ്ണം) | പൂർത്തീ-കരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|
| 185 | 49252339 | 97 | 21779138/- | | 88 | 52% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 9 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4959795 | 5875042 | 915247 | 18 |
| നികുതിയേതര വരവുകൾ | 2063966 | 1450161/- | (-)613805/- | (-)30 |
| മറ്റുവരവുകൾ | 7498528 | 8453065 | 954537 | 13 |
| ആകെ | 14522289 | 15778268 | 1255979 | 9 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 260520 | 131 |
| കർഷക തൊഴിലാളി പെൻഷൻ | 1215630 | 136 |
| വിധവാ പെൻഷൻ | 11501080 | 986 |
| വാർദ്ധക്യ കാലപെൻഷൻ | 18886850 | 1814 |
| വികലാംഗ പെൻഷൻ | 2959100 | 255 |
| വിധവകളുടെ മക്കളുടെ വിവാഹ ധനസഹായം | 330000 | 11 |

| | | |
|---|---|---|
| 50 വയസിന് മുകളിൽ പ്രായമായ അവിവാഹിതകളുടെ പെൻഷൻ | 398980 | 37 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)- വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.7.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,146/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല. കെട്ടിടനികുതി സംബന്ധമായ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. കൂടാതെ സഞ്ചയ സോഫ്റ്റ്‌വെയറിൽ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പടുത്തിയിട്ടില്ല. കംമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ ക്രമ പ്രകാരം സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23-2-17 to 25-2-17 | 2017 ജനവരി | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27-10-16 | 2013-14 | 6-2-17 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ ടെണ്ടർ നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ-ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള മരാമത്തുപ്രവൃത്തികളുടെ ടെണ്ടർ ഫാറവില, വാറ്റ് എന്നിവ കൊല്ലം ജില്ലാപഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക എഴുകോൺ ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (5/26-07-2017) ടിതുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ലായെന്നും ആയതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നല്കി.

ടെണ്ടർ ഫാറവില , വാറ്റ് ഇനത്തിൽ ജില്ലാപഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ള തുക ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതും, വാറ്റ് ഇനത്തിൽ ഈടാക്കിയിട്ടുള്ള തുക സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തേണ്ടതുമാണ്.

## 2-2 മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല -നികുതി കാലഹരണപ്പെട്ട അവസ്ഥയിൽ

ജി.ഒ.(ആർ.റ്റി.)നം. 19/2011/ത.സ്വഭ.വ./14-1-2011 പ്രകാരം ടെലഫോൺ ടവറുകൾക്ക് ബാധകമായ കുറഞ്ഞ വസ്തുനികുതി ച.മീറ്ററിന് 400/- രൂപയും കൂടിയ വസ്തുനികുതി 500/-രൂപയുമാണ്. 14-11-2011-ലെ എഴുകോൺ ഗ്രാമപഞ്ചായത്തുകമ്മിറ്റിയുടെ തീരുമാനം നം.10 പ്രകാരം മൊബൈൽ ടെലഫോൺ ടവറുകൾക്ക് വസ്തുനികുതി 500 രൂപയായി നിശ്ചയിച്ച് ഉറപ്പിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന നിലവിലുള്ള 10 മൊബൈൽ ടവറുകൾക്കും 2013-14 മുതൽ വസ്തുനികുതി പുനർ നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ഇതുവരെ തുക ഡിമാന്റ്ചെയ്ത് ഈടാക്കിയിട്ടില്ല. നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ഡിമാന്റ് ചെയ്ത് ഈടാക്കാത്തത് കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 243 പ്രകാരമുള്ള കാലഹരണപ്പെടലിന് ഇടയാക്കുന്നു. സെക്ഷൻ 243 പ്രകാരം ഒരു പഞ്ചായത്തിന് കിട്ടാനുള്ള നികുതിക്കോ മറ്റ് തുകകൾക്കോ ജപ്തിയോ വ്യവഹാരമോ പ്രോസിക്യൂഷൻ നടപടിയോ തുടങ്ങാമായിരുന്ന തീയതിമുതൽ മൂന്ന് വർഷത്തിനുശേഷം ആ നടപടിക്രമങ്ങൾ നടപ്പിലാക്കാൻ പാടില്ലാത്തതാകുന്നു എന്ന് വ്യക്തമാക്കുന്നുണ്ട്, കൂടാതെ സെക്ഷൻ 243(3)-ൽ യഥാസമയം നടപടി എടുക്കുന്നതിലുണ്ടായ വീഴ്ചമൂലം ഏതെങ്കിലും നികുതിയോ തുകയോ കാലഹരണപ്പെടുകയും നിയമാനുസൃതമുള്ള അന്വേഷണത്തിൽ അത് നഷ്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥരുടെയോ ഉദ്യോഗസ്ഥൻമാരുടെയോ വീഴ്ചമൂലമാണെന്ന് കാണുകയും ചെയ്താൽ അങ്ങനെ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12% പലിശസഹിതം ആ ഉദ്യോഗസ്ഥനിൽനിന്നോ ഉദ്യോഗസ്ഥരിൽനിന്നോ ഈടാക്കണമെന്ന് വ്യക്തമാക്കുന്നുണ്ട്. 2013-14 മുതൽ വസ്തുനികുതി പുനർനിർണ്ണയ തീയതിമുതലുള്ള 3 വർഷവും കഴിഞ്ഞിരിക്കുന്നതിനാൽ ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളിൽനിന്നും നികുതി ഇാടാക്കി മുതൽക്കൂട്ടാത്ത പക്ഷം യഥാകാലങ്ങളിലെ ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ ബാധ്യതയായി മാറുന്നതാണ്. നികുതി പുനർനിർണ്ണയത്തിനുശേഷം തൻവർഷംവരെ പഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ നഷ്ടമായ തുക ചുവടെ ചേർക്കുന്നു.

| മൊബൈൽ ടവർ | വാർഡ് നം./ കെട്ടിട നം. | 2013-14ൽ പുനർ നിർണ്ണയിച്ച നികുതി +ലൈബ്രറി സെസ്സ് | 2016-17 വരെയുള്ള കുടിശ്ശിക നികുതി ലൈബ്രറിസെസ്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1.ഐഡിയ, | 1/661 | 8250+413 | 33000+1652 |
| 2.എയർ സെൽ | 4/624 | 13600+680 | 54400+2720 |
| 3.ബി.എസ്സ്.എൻ.എൽ. | 7/497 | 8000+400 | 32000+1600 |
| 4.ബി.എസ്സ്.എൻ.എൽ. | 7/611 | 28350+1418 | 113400+5672 |
| 5.റിലയൻസ് | 9/643 | 4424+222 | 17696+888 |
| 6.എയർ ടെൽ | 11/606 | 6000+300 | 24000+1200 |
| 7.ഭാരതി സെല്ലുലാർ | 13/240 | 8400+420 | 33600+1680 |
| 8.റിലയൻസ് | 15/536 | 2700+135 | 10800+540 |
| 9. പേര് ലഭിച്ചില്ല | 2/656 | 11500+575 | 46000+2300 |
| 10.പേര് ലഭിച്ചില്ല | 5/584 | 20000+1000 | 80000+4000 |
| | | | 444896+22252 |

പഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടെലഫോൺ ടവറുകൾക്ക് പെർമിറ്റ് നൽകിയതിൻെറയും വസ്തുനികുതി ഈടാക്കിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/28-7-17), ടവറുകൾ സ്ഥാപിച്ച കമ്പനികളുടെ മേൽവിലാസം ലഭ്യമല്ലാത്തതിനാലാണ് നികുതി കുടിശ്ശികയായതെന്ന മറുപടിയാണ് ലഭിച്ചത്. നികുതികുടിശ്ശിക പിഴയടക്കം ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-3 <u>കുടിശ്ശിക തുക പൂർണ്ണമായും ഒടുക്കാത്തവർക്കും പിഴപ്പലിശ ഒഴിവാക്കി **3,105/-**രൂപ വരവ് നഷ്ടം</u>

സ.ഉ (സാധാ) നം. 278/2017/തസ്വഭവ തീയതി 01/02/2017 പ്രകാരം വസ്തുനികുതി കുടിശ്ശികക്കാർ ഒറ്റത്തവണയായി കുടിശ്ശിക അടയ്ക്കുന്നപക്ഷം പിഴപ്പലിശ ഒഴിവാക്കി നൽകി. എന്നാൽ 2016-17 വർഷത്തെ ഒന്നാം അർദ്ധവർഷത്തെയും മുമ്പുള്ള വർഷങ്ങളിലെയും കുടിശ്ശിക അടയ്ക്കാത്തവർക്കും മേൽ ആനുകൂല്യം നൽകിയതിന്റെ വിശദാംശം ചുവടെചേർക്കുന്നു.

| ക്രമ.നം | കെട്ടിട നം | വർഷം | വസ്തു നികുതി | ലൈ. സെസ് | ആകെ | രസീത് നം/ തീയതി | കുടിശ്ശികയായ മാസങ്ങളുടെ | ഈടാക്കേണ്ടിയിരുന്ന പലിശ |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | എണ്ണം | |
| 1 | IV/102 | 2014-15,<br>2015-16, | 1525<br>1525 | 77<br>77 | 3204 | 20/39317<br>31/12/2016 | 72 | 549 |
| 2 | II/717 | 2014-15,<br>2015-16, | 1021<br>4320 | 50<br>216 | 5607 | 48/39321<br>06/02/2017 | 52<br>28 | 870 |
| 3 | I/237 | 2013-14,<br>2014-15, | 135<br>135 | 7<br>7 | 284 | 57/39321<br>02/03/2017 | 132 | 89 |
| 4 | XIII/221 | 2013-14,<br>2014-15, | 613<br>613 | 31<br>31 | 1288 | 19/39315<br>29/12/2016 | 120 | 368 |
| 5 | XI/549 | 2013-14 | 315 | 16 | 331 | 93/39315<br>21/12/2017 | 74 | 117 |
| 6 | II/134 | 2013-14,<br>2014-15, | 214<br>214 | 13<br>13 | 434 | 23/39335<br>09/03/2017 | 132 | 141 |
| 7 | II/135 | 2013-14,<br>2014-15, | 180<br>180 | 9<br>9 | 378 | 24/29335<br>09/03/2017 | 132 | 119 |
| 8 | IV/2 | 2013-14, | 195 | 10 | 205 | 70/39312<br>22/12/2016 | 72 | 70 |
| 9 | IV/262 | 2013-14,<br>2014-15, | 158<br>158 | 08<br>08 | 332 | 43/39312<br>22/12/2016 | 130 | 103 |
| 11 | IV/153 | 2013-14, | 158 | 8 | 166 | 18/39312 | 72 | 57 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | 14/12/2016 | | |
| 12 | IV/154 | 2013-14, | 126 | 06 | 132 | 16/39312<br>14/12/2016 | 72 | 45 |
| 13 | IV/595 | 2014-15,<br>2015-16, | 347 | 18 | 365 | 15/39312<br>14/12/2016 | 48 | 83 |
| 14 | IX/432 | 2013-14,<br>2014-15,<br>2015-16, | 360<br>480<br>480 | 6<br>24<br>24 | 1374 | 6/39339<br>10/03/2017 | 78<br>54<br>30 | 342 |
| 15 | IX/421 | 2013-14,<br>2014-15, | 126<br>126 | 7<br>7 | 266 | 8/39339<br>10/03/2017 | 132 | 83 |
| 16 | IX/711 | 2015-16, | 459 | 24 | 483 | 2/29339<br>10/03/2017 | 30 | 69 |
| | | | | | | | | 3105 |

മേൽ അപാകതയ്ക്ക് വിശദികരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പിഴപ്പലിശ ഇനത്തിൽ കുറവ് വന്ന 3,105/- രൂപ നികുതിദായകരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 കുടിശ്ശികക്കാരിൽ നിന്നും 2,53,035/- വാടക കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

2016-17 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ കടമുറികളുടെ വാടക ഒടുക്കാത്ത കുടിശ്ശികക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | കുടിശ്ശിക വരുത്തിയ ആളുടെ പേര് | റൂം നമ്പർ | പ്രതിമാസ വാടക | കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|---|---|
| 1 | കെ.എൻ ശിശുപാലൻ<br>കെട്ടിടത്തിൽ വീട് | 6 | 4300 | 2015-16 മുതൽ<br>(അഡ്വാൻസ് 3000/-) | 1,00,200 |
| 2 | പവനൻ<br>ചരുവിള വീട് | 7 | 573 | 08/2016 മുതൽ | 4,584 |

| | | | | | |
|---|---|---|---|---|---|
| 3 | അശോകൻ നാലൊന്നിൽ വീട് | 8 | 573 | 4/2016 മുതൽ (അഡ്വാൻസ് 1719/-) | 5,157 |
| 4 | ജയപ്രകാശ് കോട്ടൂർകോണം | 9 | 660 | 12/2016 മുതൽ | 2,640 |
| 5 | സിവിൽ സപ്പളൈസ് കോർപ്പറേഷൻ | 27,28 | 1565 | 4/2016 മുതൽ | 18,780 |
| 6 | | 30 | മുൻസിഫ് കോടതി വ്യവഹാരം | | |
| 7 | തമ്പാൻ തെങ്ങുവിള പുത്തൻ വീട് | 32 | 1128 | 6/2016 മുതൽ (അഡ്വാൻസ് 3384/-) | 7,896 |
| 8 | നിർമ്മല അഷ്ടമി | 36 | 574 | 7/2016 മുതൽ | 5,166 |
| 9 | സുദർശനൻ മുതിരവിള | 37 | 2015-16 ൽ1720/- 2016-17 ൽ1840 | 2015-16 ൽ5160/-രൂപയും 2016-17ൽ10000/-രൂപയും അടവാക്കിയിട്ടുണ്ട് | 27,560 |
| 10 | മാനേജർ ഐ. ഒ.ബി | 48 | 6502 | 4/16,10/16,11/16,3/17 | 26,008 |
| 11 | പി.ഡബ്ല്യു.ഡി കാര്യാലയം | 49 | വാടകകുടിശ്ശിക സംബന്ധിച്ച വിശദാംശം രേഖപ്പെടുത്തിയിട്ടില്ല | | |
| 12 | സർക്കിൾ ഇൻസ്പെക്ടർ എഴകോൺ | 50 | 1802 | 4/2016 മുതൽ | 21,624 |
| 13 | സബ് രജിസ്ട്രാർ ഓഫീസ് | | 2785 | 4/2016 മുതൽ | 33,420 |
| | | | ആകെ | | 2,53,035 |

മേൽ അപാകതയ്ക്ക് വിശദികരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/29-7-17) മറുപടി ലഭ്യമാക്കിയില്ല. വാടകകുടിശ്ശിക സർവ്വീസ് ചാർജ്ജുൾപ്പെടെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-5 വസ്തുനികുതി - 1638/- രൂപ കുറവായി നിർണ്ണയിച്ചു

വസ്തുനികുതി അസ്സസ്സ്മെന്റ് ഫയൽപ്രകാരം സത്യശീലൻ/നാരായണൻ എന്നിവരുടെ ഉടമസ്ഥതയിലുള്ള 8/948-ാം നമ്പരിലുള്ള 129 m2 വിസ്തൃതിയുള്ള കെട്ടിടത്തിന് നികുതി കുറച്ച് ഈടാക്കിയതായി ബോദ്ധ്യപ്പെട്ടു. (കെട്ടിടം പരിശോധിച്ച ഓവർസീയർ നികുതി നിർണ്ണയഫയലിൽ 129$m^2$ വിസ്തൃതി ഉള്ളതാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.കംപ്ലീഷൻ മെഷർമെന്റിലും 129$m^2$). ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടമായതിനാൽ $m^2$ ന് 35/-രൂപ നിരക്കിൽ 4515/-രൂപയും മേഖല അടിസ്ഥാനത്തിലുള്ള വർദ്ധനവായ (20%) 903 രൂപയും ഉൾപ്പെടെ 5418/- രൂപയായി നിർണ്ണയിച്ചു. എന്നാൽ വിസ്തൃതി 90$m^2$ എന്ന് രേഖപ്പെടുത്തി നികുതി 3780/-(3150+630/)രൂപയായി കുറച്ചിട്ടുള്ളതായി ഫയൽ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ഇത് സംബന്ധിച്ച് നല്കിയ എൻക്വയറി നം 16/29-7-17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി കുറവായി നിർണ്ണയിച്ചതിനാൽ വസ്തു നികുതിയിനത്തിൽ 1638/

രൂപയുടെയും ലൈബ്രറി സെസ്സിനത്തിൽ 82/- രൂപയുടെയും നഷ്ടം വന്നിട്ടുണ്ട്. നഷ്ടംവന്ന തുക രൂപ 1720/- (1638+82) ഈടാക്കേണ്ടതും നികുതി പുനർ നിർണ്ണയിക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തെരുവു വിളക്കുകൾക്ക് അറ്റകുറ്റപ്പണി (44/17), നിർവ്വഹണത്തിലെ ക്രമക്കേടുകൾ മൂലം 1,07,058/ രൂപാ നിരാകരിക്കുന്നു

അടങ്കൽ തുക – 8,00,000/രൂപ

(ധനകാര്യ കമ്മീഷൻ- 5,00,000/രൂപ

തനതു ഫണ്ട്- 3,00,000/രൂപ)

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

തെരുവുവിളക്കുകൾക്ക് അറ്റകുറ്റപ്പണി (44/17) എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിനായി ഇലക്ട്രിക്ഉപകരണങ്ങൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ, ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കൊച്ചു മേലതിൽ ഏജൻസീസ്, കുണ്ടറ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും (പഞ്ചായത്ത് കമ്മറ്റിയുടെ 19-10-2016 ലെ തീരുമാനം ii പ്രകാരം)04-11 2016 ലെ E3-3304/2016 നമ്പരായുള്ള വിതരണഉത്തരവ് പ്രകാരം താഴെക്കൊടുത്തിരിക്കുന്നപ്രകാരം ഉപകരണങ്ങൾ വാങ്ങുകയും ചെയ്തു.

| ക്രമ നം | ഇനം | നിരക്ക് | എണ്ണം | തുക |
|---|---|---|---|---|
| 1 | ട്യൂബ് (ക്രോപ് ടൺ) | 37 | 900 | 33,300 |
| 2 | കോപ്പർ ചോക്ക്(ക്രോപ് ടൺ) | 120 | 475 | 57,000 |
| 3 | സ്റ്റാർട്ടർ(ക്രോപ് ടൺ) | 6.5 | 450 | 2,925 |
| 4 | സൈഡ് ഹോൾഡർ (വലുത്) | 5 | 250 | 1,250 |
| 5 | സൈഡ് ഹോൾഡർ (ചെറുത്) | 6 | 250 | 1,500 |
| 6 | അലുമിനിയം വയർ | 240 | 16 | 3,840 |
| | | | ആകെ | 99,815 |

ടി തുക ചെക്ക് നമ്പർ 916264/31-01-2017 പ്രകാരം കൊച്ചുമേലതിൽ ഏജൻസീസ് എന്ന സ്ഥാപനത്തിനുനല്കി.

വീണ്ടും ഇതേ പ്രോജക്ടിനായി ഇതേ ഉപകരണങ്ങൾ വാങ്ങുന്നതിന് 31-10-2016 ലെ E3-3304/2016 നമ്പരായി ടെണ്ടർ ക്ഷണിച്ചതിൽ ആരും പങ്കെടുക്കാഞ്ഞതിനാൽ റീടെണ്ടർ ചെയ്യുകയും അതിൽ 2 ടെണ്ടറുകൾ ലഭിക്കുകയും, ഇതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ തമ്പുരാൻ കാലയിൽ ട്രേഡ് ലിങ്ക്സ്, കോഴഞ്ചേരി എന്ന സ്ഥാപനത്തിന്റ ടെണ്ടർ അംഗീകരിക്കുകയും, കരാറിലേർപ്പെടാൻ ആവശ്യപ്പെടുകയുംചെയ്തു. എന്നാൽ ടിസ്ഥാപനം കരാർ വയ്ക്കാൻ തയ്യാറാകാതിരുന്നതിനാൽ ഗോവിന്ദ് അസോസിയേറ്റ്, കലയപുരം എന്ന

സ്ഥാപനവുമായി കരാറിലേർപ്പെടുകയും താഴെക്കൊടുക്കുന്ന പ്രകാരം ഉപകരണങ്ങൾ വാങ്ങുകയും ചെയ്തു.

| ക്രനം | ഇനം | നിരക്ക് | എണ്ണം | തുക |
|---|---|---|---|---|
| 1 | ട്യൂബ് (ക്രോപ് ടൺ) | 43.51 | 2400 | 1,04,424 |
| 2 | കോപ്പർ ചോക്ക്(ക്രോപ് ടൺ) | 171.75 | 1360 | 2,33,580 |
| 3 | സ്റ്റാർട്ടർ(ക്രോപ് ടൺ) | 10.87 | 2240 | 24,339 |
| 4 | സൈഡ് ഹോൾഡർ (വലുത്) | 10.87 | 1000 | 10,866 |
| 5 | സൈഡ് ഹോൾഡർ (ചെറുത്) | 10.3 | 1000 | 10,305 |
| 6 | അലൂമിനിയം വയർ | 257.25 | 64 | 16,464 |
| | | | ആകെ | 3,99,979 |

ടി തുക 30-03-2017 ലെ 21/16-17 ബിൽ പ്രകാരം പിൻവലിച്ച് സ്ഥാപനത്തിന് നല്കി.

<u>അപാകതകൾ</u>

(1)2016-17 സാമ്പത്തിക വർഷത്തിൽ നിർവ്വഹണം നടത്തിയ ഒരു പ്രോജക്ട് പ്രകാരം ഒരേ ഉപകരണങ്ങൾ വാങ്ങുന്നതിനായി നിരവധി തവണ ടെണ്ടറുകൾ ക്ഷണിച്ചു. ഉപകരണങ്ങളുടെ ആവശ്യകത കണക്കാക്കി അതിൻപ്രകാരം ആവശ്യമായ ഉപകരണങ്ങൾ ഒരു തവണയായി വാങ്ങേണ്ടതായിരുന്നു.

(2)പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ഒരു തവണ വാങ്ങിയ ഉപകരണങ്ങൾ വീണ്ടും വാങ്ങുമ്പോൾ ആദ്യം ഉപകരണങ്ങൾ വിതരണം ചെയ്ത സ്ഥാപനത്തിൽ നിന്നു തന്നെ വാങ്ങുന്നതിനു പകരം വീണ്ടും ടെണ്ടർ ക്ഷണിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് പത്രപരസ്യം ഉൾപ്പെടെയുള്ള വൻതുകയുടെ അധിക ചെലവ് വരുത്തി.

(3)പുതിയ ടെണ്ടർപ്രകാരം ഉപകരണങ്ങളുടെ വില ടി പ്രോജക്ടിനായി തൻവർഷം തന്നെ വാങ്ങിയ തുകയേക്കാളും കൂടുതലായിരുന്നിട്ടും, കുറഞ്ഞനിരക്കിൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യത പരിഗണിക്കാതെ ഉപകരണങ്ങൾ ഉയർന്ന നിരക്കിൽ വാങ്ങി.

പദ്ധതിനിർവ്വഹണത്തിലെ അപാകതകൾമൂലം താഴെക്കൊടുത്തിരിക്കും പ്രകാരം അധികം തുക ചെലവഴിച്ചു.

| ക്രനം | ഇനം | എണ്ണം | ആദ്യം വാങ്ങിയ നിരക്ക്(കൊച്ചു മേലതിൽ ഏജൻസീസ് | വാങ്ങിയ നിരക്ക് (ഗോവിന്ദ് അസോസിയേറ്റ്സ് | ആദ്യനിരക്കപ്രകാരം ചെലവാകുമായിരുന്ന തുക | ചെലവഴിച്ച തുക | അധികം ചെലവഴിച്ച തുക |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | ട്യൂബ് (ക്രോപ് ടൺ) | 2400 | 37 | 43.51 | 88,800 | 1,04,424 | 15,624 |
| 2 | കോപ്പർ ചോക്ക് (ക്രോപ് ടൺ) | 1360 | 120 | 171,75 | 1,63,200 | 2,33,580 | 70,380 |
| 3 | സ്റ്റാർട്ടർ (ക്രോപ് ടൺ) | 2240 | 6.5 | 10.87 | 14,560 | 24,339 | 9,779 |
| 4 | സൈഡ് ഹോൾഡർ (വലുത്) | 1000 | 5 | 10.87 | 5,000 | 10,866 | 5,866 |
| 5 | സൈഡ് ഹോൾഡർ (ചെറുത്) | 1000 | 6 | 10.3 | 6,000 | 10,305 | 4,305 |
| 6 | അലൂമിനിയം വയർ | 64 | 240 | 257.25 | 15,360 | 16,464 | 1,104 |
| | | | | | 2,92,920 | 3,99,978 | 1,07,058 |

ഇപ്രകാരം അധികംതുക ചെലവഴിച്ചതു സംബന്ധിച്ച വിശദീകരണം നല്കുവാനുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ചുനല്കിയ ഓഡിറ്റ് അന്വേഷണത്തിന് (8/27-07-2017) പ്രോജക്ട് ഭേദഗതിചെയ്ത് അടങ്കൽ തുക വർദ്ധിപ്പിച്ചതിനാലാണ് വീണ്ടും ടെണ്ടറുകൾ ക്ഷണിച്ചതെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ മറുപടി വാസ്തവവിരുദ്ധമാണ്. ആദ്യടെണ്ടർ വിളിക്കുന്നതിന് തീരുമാനമെടുത്ത 05-09-2016 ലെ തീരുമാനം(iv)-ൽ 2016-17 സാമ്പത്തികവർഷത്തിൽ തെരുവുവിളക്ക് മെയിന്റൻസിന് 8,00,000/-രൂപ വകയിരുത്തിയിട്ടുണ്ടെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ സാമ്പത്തികനേട്ടം പരിഗണിക്കാതെ തെരുവുവിളക്കുകൾക്ക് അറ്റകുറ്റപ്പണി (44/17)എന്ന പ്രോജക്ടിനായി ഇലക്ട്രിക്ഉപകരണങ്ങൾ വാങ്ങിയതിന് അധികം ചെലവഴിച്ച 1,07,058 രൂപാ നിരാകരിക്കുന്നു. ടി തുക 31-10- 2016 ൽ ഇലക്ട്രിക്ഉപകരണങ്ങൾ വാങ്ങുന്നതിന് വീണ്ടും ടെണ്ടർ ക്ഷണിക്കുന്നതിന് തീരുമാനമെടുത്ത പഞ്ചായത്ത്കമ്മറ്റിയിൽ വസ്തുതകൾ ക്രമപ്രകാരം അറിയിക്കാതിരുന്ന സെക്രട്ടറി ശ്രീ.പി.എം.ജോസഫ്, പുതിയ ടെണ്ടർപ്രകാരം ഉപകരണങ്ങളുടെ വില ടി പ്രോജക്ടിനായി തൻവർഷം തന്നെ വാങ്ങിയ തുകയേക്കാളും കൂടുതലായിരുന്നിട്ടും , കുറഞ്ഞനിരക്കിൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യത പരിഗണിക്കാതെ വിതരണ ഉത്തരവ് നല്കിയ സെക്രട്ടറി ശ്രീമതി.ജിജിമോൾ അലക്സ് എന്നിവരിൽനിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

**3-2** <u>പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ, ഹൈ സ്പീഡ് സ്കാനർ എന്നിവ വാങ്ങൽ , ബൈ ബാക്ക് ഇനത്തിൽ തുക കുറവു വരുത്തിയില്ല,**23,000/-** രൂപയുടെ നഷ്ടം</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക- 1,60,000/രൂപ
( വികസന ഫണ്ട് -1,50,000/ രൂപ,
തനത് ഫണ്ട് -10,000/ രൂപ)

ബിൽ തുക-48,000/ രൂപ ബിൽ നമ്പർ- 20/ 16-17/24-03-2017

ഫോട്ടോസ്റ്റാറ്റ്മെഷീൻ വാങ്ങുന്നതിനായി ബൈബാക്ക് വ്യവസ്ഥയിൽ ടെണ്ടറുകൾ ക്ഷണിച്ചതിൽ ഏറ്റവുംകുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കെ.എം.ടെക്നോളജീസ്, കോട്ടയം എന്ന സ്ഥാപനത്തിന്റെ Sharp AR6020 D with net work and RADF unit മോഡൽ താഴെക്കൊടുക്കുന്ന പ്രകാരം അംഗീകരിച്ചു.

| യൂണിറ്റ് പ്രൈസ് | ബൈ ബാക്ക് തുക | ആകെ |
|---|---|---|
| 71000/ | 23,000/ | 48,000/ |

ടി സ്ഥാപനം ഹാജരാക്കിയ 21-12-2016 ലെ KMT/DC/163/2016-17 നമ്പരായുള്ള ക്വട്ടേഷൻ പ്രകാരം ടി മോഡലിന്റെ നികുതികൾ ഉൾപ്പെടെയുള്ള യൂണിറ്റ് പ്രൈസ് 71,000/- രൂപയാണ്.

എന്നാൽ ടി സ്ഥാപനത്തിൽ നിന്നും ടി ഉപകരണം വാങ്ങിയപ്പോൾ സ്ഥാപനം നല്കിയ 17-02-2017 ലെ കെ.എം – 004192 നമ്പരായുള്ള ഇൻവോയിസ് പ്രകാരം Sharp AR6020 D with net work and RADF unit മോഡൽ ഫോട്ടോസ്റ്റാറ്റ് മെഷീനിന്റെ നികുതികൾ ഉൾപ്പെടാത്ത യൂണിറ്റ് പ്രൈസ് 45714.29 രൂപയും 5% വാറ്റ് ഉൾപ്പെട്ട തുക 48000/- രൂപയും ആണ്. പഴയ ഫോട്ടോസ്റ്റാറ്റ് മെഷീനിന്റെ ബൈ ബാക്ക് വ്യവസ്ഥ പ്രകാരം കുറയ്ക്കേണ്ടിയിരുന്ന 23,000/- രൂപ കുറവ് വരുത്തിയിട്ടില്ല. ടി തുക കെ.എം. ടെക്നോളജീസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നോ രേഖകൾ പരിശോധിച്ച് കൃത്യമായ തുക നല്കുന്നതിൽ വീഴ്ച വരുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

**3-3** <u>എൻ.ആർ.എച്ച്.എം, ഹോമിയോ ആശുപത്രിയിലെ അറ്റൻഡർക്ക് അധികം തുക നല്കി, **38,350/**രൂപ നിരാകരിക്കുന്നു</u>

പഞ്ചായത്തുകളിൽ എൻ.ആർ.എച്ച്.എം പദ്ധതി പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരായിട്ടുള്ള അറ്റൻഡർമാരുടെ വേതനം പുനർനിർണ്ണയിച്ച് ഉത്തവായിട്ടുള്ളത് സ .ഉ. (സാ.ധാ) നം 1099/2017/തസ്വഭവ തീ 07-04-2017പ്രകാരമാണ്. പ്രാബല്യത്തീയതി പ്രത്യേകം പറഞ്ഞിട്ടില്ലാത്തതിനാൽ ഉത്തരവു തീയതിമുതലാണ് പുതുക്കിയനിരക്കിലുള്ള വേതനത്തിന് അർഹതയുള്ളത്.

എന്നാൽ എഴുകോൺ എൻ ആർ എച്ച് എം , ഹോമിയോ ആശുപത്രിയിലെ അറ്റൻഡർ ശ്രീ .ആർ. ഉണ്ണികൃഷ്ണന് 9/2016 മുതൽ താഴെക്കൊടുത്തിട്ടുള്ളപ്രകാരം വേതനം നല്കിയിരിക്കുന്നു.

| ക്ര.നം | മാസം | അർഹമായ തുക | നല്കിയ തുക | അധികം നല്കിയ തുക | ബിൽ നമ്പർ/ചെക്ക് നം |
|---|---|---|---|---|---|
| 1 | 9/16 | 8750 | 15000 | 6250 | 495/08-10-2016 |
| 2 | 10/16 | 8750 | 15000 | 6250 | 560/03-11-2016 |
| 3 | 11/16 | 9100 | 15600 | 6500 | 634/02-12-2016 |
| 4 | 12/16 | 9100 | 16200 | 7100 | 708/03-01-2017 |
| 5 | 1/17 | 9100 | 15600 | 6500 | 794/01-02-2017 |
| 6 | 2/17 | 8050 | 13800 | 5750 | 700759/02-03-17 |
| ആകെ അധികം നല്കിയ തുക | | | | 38,350 | |

അധികവേതനം നല്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (6/26-07-2017)മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നല്കിയിട്ടുള്ള 38,350/ രൂപ നിരാകരിക്കുന്നു. തുക ശ്രീ.ആർ.ഉണ്ണികൃഷ്ണനിൽ നിന്നും ഈടാക്കി തനത്ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

## **3-4** <u>വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.**3,98,060/-** രൂപ തടസ്സപ്പെടുത്തുന്നു</u>

പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങളിൽ ഒടുക്കുവരുത്തിയിട്ടുള്ള തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദവിവരം താഴെക്കൊടുക്കുന്നു.

| ക്ര.നം | പ്രോജക്ട് | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക ഒടുക്കുവരുത്തിയിട്ടുള്ള സ്ഥാപനം | തുക | ചെക്ക്/ബിൽനം |
|---|---|---|---|---|---|
| 1 | സ്ട്രീറ്റ് മെയിൻ വലിക്കൽ(43/17) | സെക്രട്ടറി | അസി.എഞ്ചിനീയർ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ ഡിവിഷൻ, എഴുകോൺ | 2,48,060/ വികസന ഫണ്ട് | 22/16-17 30-03-2017 |
| 2 | സമ്പൂർണ വൈദ്യുതീകരണം (169/17) | സെക്രട്ടറി | എക്സി.എഞ്ചിനീയർ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ ഡിവിഷൻ,കൊട്ടാരക്കര | 1,50,000/ തനതു ഫണ്ട് | 1300601 29-03-2017 |

| | | |
|---|---|---|
| ആകെ | 3,98,060 | |

വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ 3,98,060/-രൂപ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 സാക്ഷരതാ പ്രേരകിന് ഓണറേറിയം ഇനത്തിൽ തനതുഫണ്ടിൽ നിന്നും ചെലവഴിച്ച തുകകൾ കൃത്യമായി തിരികെ ഈടാക്കണം

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ A6-257/16/KSLMA-യുടെ നടപടിക്രമംപ്രകാരം 12/2014 മുതൽ 11/2015 മാസംവരെ സാക്ഷരതാ പ്രേരക് ഓണറേറിയം ഇനത്തിൽ തനതുഫണ്ടിൽ നിന്നും ചെലവഴിച്ച 67,000/-രൂപ തിരികെ ലഭിച്ചു. തുടർന്ന് 10-05-2017ലെ എ6- 444/17/കേ.സം.സാ.മി പ്രകാരം 2/2016 മുതൽ 12/2016 വരെ തനതുഫണ്ടിൽ നിന്നും ചെലവഴിച്ച തുക 67,800/-രൂപ സാക്ഷരതാമിഷനിൽ നിന്നും തിരികെ ലഭിച്ചു. എന്നാൽ 12/2015, 1/2016 മാസങ്ങളിൽ സാക്ഷരതാപ്രേരകിന് ഓണറേറിയം ഇനത്തിൽ ചെലവഴിച്ച തുക തിരികെ ലഭിച്ചിട്ടില്ല. പരിശോധനയ്ക്ക ഹാജരാക്കിയ രജിസ്റ്റർപ്രകാരം കുടിശ്ശിക ഇനത്തിൽ 20,960/- രൂപ കൂടി ലഭിക്കുവാനുണ്ട്. സാക്ഷരതാ പ്രേരക് ഓണറേറിയം ഇനത്തിൽ തനതുഫണ്ടിൽനിന്നും ചെലവഴിച്ച തുകകൾ കൃത്യമായി തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-6 ഫണ്ടുകളുടെ വിനിയോഗത്തിൽ ഗുരുതര വീഴ്ച **-1,58,44,097//-**നഷ്ടമായി

വികസനപദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി വിവിധ ഗ്രാന്റിനങ്ങളിൽ അനുവദിച്ച് കിട്ടിയ തുകകൾ വിനിയോഗിക്കാതിരുന്നത് മൂലം ഗ്രാമപഞ്ചായത്തിന് തൻവർഷം 1,58,44,097 /- നഷ്ടമായി.

സാമൂഹിക നീതിയും സാമ്പത്തിക വികസനവും ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾക്കായി ഗ്രാമ പഞ്ചായത്തിന് തൻവർഷം സർക്കാർ അനുവദിച്ച് നൽകിയ ഗ്രാന്റുകളുടേയും ഫണ്ടുകളുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫണ്ടിനം | വാർഷിക പദ്ധതി പ്രകാരം വകയിരുത്തിയ തുക | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവഴിക്കപ്പെടാത്തതിനാൽ നഷ്ടമായ തുക |
|---|---|---|---|---|---|
| 1 | വികസന ഫണ്ട് (പൊതു വിഭാഗം) | 1,09,12,753 | 1,05,12,753/- | 73,04,660/- | 3208093/-/- |
| 2 | വികസന ഫണ്ട് (പ്രത്യേക ഘടക പദ്ധതി) | 77,89,650 | 77,89,650/- | 45,28,631/- | 32,61,019/- |

| | | | | | |
|---|---|---|---|---|---|
| 3 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6887376 | 58,95,598/- | 35,15,571/- | 23,80,027/- |
| 4 | കെ.എൽ.ജി.എസ്.ഡി.പി. | 3093472 | 22,82,001/- | 0 | 22,82,001 |
| 5 | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 5305341 | 51,40,341/- | 17,87,778/- | 33,52,563/- |
| 6 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 3528616 | 30,53,592/- | 16,93,198/- | 13,60,394/- |
| | | | | ആകെ 3,46,73,935 | 1,58,44,097/- |

സർക്കാരിൽ നിന്ന് ലഭ്യമായ ഗ്രാന്റുകൾ വിനിയോഗിക്കുവാൻ സാധ്യമാകും വിധത്തിൽ വാർഷിക പദ്ധതി തയ്യാറാക്കി ഫണ്ടുകൾ വകയിരുത്തിയെങ്കിലും പദ്ധതി നിർവ്വഹണത്തിലെ വീഴ്ചകൾ മൂലം 1,58,44,097/-രൂപ ചെലവഴിക്കപ്പെടാതെ നഷ്ടമായിരിക്കുകയാണ്.

## 3-7 <u>ആയുർവേദ മെഡിക്കൽ ഓഫീസർ, അലോപ്പതി മെഡിക്കൽ ഓഫീസർ എന്നിവർ നിർവ്വഹണം നടത്തിയമരുന്നു വാങ്ങൽ പദ്ധതികൾ-മരുന്നുകൾ ലഭ്യമാകാനവശേഷിക്കുന്നത്.</u>

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലുൾപ്പെടുത്തി മരുന്ന് വാങ്ങുന്നതിനായി ഔഷധിയിലേക്കും അലോപ്പതി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലുൾപ്പെടുത്തി കേരള മെഡിക്കൽസർവ്വീസ് കോർപ്പറേഷനിലും തുക മുൻകൂറായി നിക്ഷേപിച്ചെങ്കിലും മരുന്നുകൾ ഓഡിറ്റ് കാലയളവിലും പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ വിവരം | നിക്ഷേപിച്ച തുക, സ്ഥാപനം | ബിൽ നം, തീയതി | ലഭിച്ച മരുന്നുകളുടെ വില | ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|---|
| 1 | പി.എച്ച്.സിക്ക് മരുന്നുവാങ്ങൽ, 50/17(MGNR) | 2,00,000/- (കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ്) | 3/30-3-17 | ഇല്ല | 2,00,000/- |
| 2 | സാന്ത്വനപരിചരണം മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ | 1,11,638/- (70,000+41,638) | 4/30-3-17 | ഇല്ല | 1,11,638/- |

| | | | | | |
|---|---|---|---|---|---|
| 3 | ആയുർവേദ ആശുപത്രിയിലേക്ക് മരുന്നുവാങ്ങൽ,103/17 (MGNR) | 2,50,000/- (ഔഷധി) | 1/20-12-16 | 179301/- | 70,699/- |
| | | | | ആകെ | 3,82,337/- |

ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 3,82,337/- (3,11,638+70,699/-) രൂപ തടസ്സത്തിൽ വയ്ക്കുന്നു.
മരുന്നുകൾ ലഭ്യമാക്കിയതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 കന്നുകുട്ടി പരിപാലനം പദ്ധതി -വിനിയോഗ രേഖകൾ ലഭ്യമാക്കാത്തത്

പ്രോജക്റ്റ് നം എസ്.ഒ.060/17

നിർവ്വഹണോദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ.

പദ്ധതി വിഹിതം-വികസനഫണ്ട് (gen)-20,000/-

സംസ്ഥാന വിഹിതം-2,00,000/-രൂപ

ചെലവഴിച്ച തുക2,00,000/-രൂപ
(ബിൽ നം 2/6-3-17)

മേൽ പദ്ധതിപ്രകാരം 32 ഗുണഭോക്താക്കൾക്ക് കന്നുകുട്ടി ഒന്നിന് 6,250/- രൂപ സബ്സിഡി നിരക്കിൽ (പഞ്ചായത്ത് വിഹിതം )2,00,000/- കാഫ് ഫീഡ് അസിസ്റ്റന്റ് പേർക്ക് നല്കിയിരുന്നെങ്കിലും (കന്നുകുട്ടികളെ എൻറോൾ ചെയ്തതിട്ടുണ്ട്) തുക വിനിയോഗിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. വിനിയോഗ രേഖകളുടെ അഭാവത്തിൽ മേൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-9 വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്തത്

ചുവടെ ചേർക്കുന്ന പദ്ധതികൾക്കുവേണ്ടി ചെലവഴിച്ച തുകകളുടെ വിനിയോഗസർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്തതിനാൽ തുകകൾ തടസ്സപ്പെടുത്തുന്നു. വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| ക്രമ നം | പദ്ധതിയുടെ പേര്, അടങ്കൽ തുക ചെലവഴിച്ച തുക (ബിൽ നം) | നിർവ്വഹണോദ്യോഗസ്ഥൻ | തടസ്സപ്പെടുത്തുന്ന തുക | കാരണം |
|---|---|---|---|---|
| 1 | എസ്.എസ്.എ വിഹിതം നല്കൽ, എ.സ്056/17, | ഹെഡ്മിസ്ട്രസ്, ഗവ.യു.പി.എസ് | 5,10,000/- | പഞ്ചായത്ത് പരിധിയിലുള്ള ഏതൊക്കെ സ്കൂളുകളിലാണ് |

| | | | | |
|---|---|---|---|---|
| | വികസനഫണ്ട്(ജനറൽ)-510000/- | | | തുക വിനിയോഗിച്ചതെന്ന വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. |
| 2 | എസ്.എസ്.എ വിഹിതം<br>നല്കൽ, എ.സ്.097/17,<br>വികസനഫണ്ട് (എസ്.സി.പി)-280954/- | ഹെഡ്മിസ്ട്രസ്, ഗവ.യു.പി.എസ് | 2,80,954/- | പഞ്ചായത്ത് പരിധിയിലുള്ള ഏതൊക്കെ സ്കൂളുകളിലാണ് തുക വിനിയോഗി ച്ചതെന്ന വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. |
| 3 | സ്കൂളുകളിൽ സാനിറ്ററി നാപ്കിൻ പ്രോജക്റ്റ് എസ്102/17<br>CFC grant294806, - | ഹെഡ്മിസ്ട്രസ്, ഗവ.യു.പി.എസ് | 1,47,403/- (50% തുക മുൻകൂർ) | തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. |
| 4 | ജില്ലാപഞ്ചായത്തിന്റെ വികലാംഗർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ പദ്ധതിക്ക് വിഹിതം നല്കൽ എസ്. 074/17 ,വികസനഫണ്ട്<br>(ജനറൽ)<br>2,90,500/- | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 2,90,500/- | തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. |

## 3-10 ഗ്രോബാഗ് വിതരണം -സബ്സിഡി പരമാവധിയിലും അധികരിച്ച

ചെലവഴിച്ച തുക -2,71,800/-രൂപ

( 66/17വികസനഫണ്ട് ബിൽ നം 8/31-3-17 ) ,

ഗുണഭോക്തൃവിഹിതം -90,600/-രൂപ

സബ്സിഡി മാർഗ്ഗരേഖ പ്രകാരം, ഒരു ഗുണഭോക്താവിന് വസ്തുവിന്റെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ പരമാവധി 25 ഗ്രോബാഗ് വരെ സബ്സിഡി നിരക്കിൽ നല്കാം.എന്നാൽ ചുവടെ ചേർക്കുന്നവർക്ക് സബ്സിഡി നിരക്കിൽ ഗ്രോബാഗ് അധികമായി നല്കിയിരിക്കുന്നു.

| ക്രമ നം | പേര് | സബ്സിഡി നിരക്കിൽ നല്കാവുന്ന ഗ്രോബാഗിന്റെ | നല്കിയ ഗ്രോബാഗിന്റെ എണ്ണം | അധികമായി നല്കിയ ഗ്രോബാഗിന്റെ | അധികമായി നല്കിയ ഗ്രോബാഗിന്റെ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | എണ്ണം | | എണ്ണം | വില (സബ്സിഡി(@ 60/-) |
| 1 | വേണുഗോപാലൻ നായർ,വേണുസദനം | 25 | 30 | 5 | 300/- |
| 2 | സുശീല,എം.എസ്. മന്ദിരം,മാറനാട് | 25 | 30 | 5 | 300/- |
| 3 | ഷീബാജോയിക്കുട്ടി, അങ്ങാടിയിൽ പുത്തൻ വീട്. | 25 | 30 | 5 | 300/- |
| 4 | ശ്രീജ,ആരോമൽ. | 25 | 30 | 5 | 300/- |
| 5 | അനിതകുമാരി,വയ്ക്കൽ മേലതിൽ | 25 | 30 | 5 | 300/- |
| 6 | ജെസി നേവിസ്, മൈലത്ത് സോണി ഹൗസ്. | 25 | 30 | 5 | 300/- |
| 7 | ഗീത.കെ,വയ്ക്കൽ ശ്രീഭവൻ | 25 | 30 | 5 | 300/- |
| 8 | ഗണേഷ്കുമാർ, തയ്യിലഴികത്ത് | 25 | 30 | 5 | 300/- |
| 9 | അനിതകുമാരി, വയ്ക്കൽമേലതിൽ | 25 | 30 | 5 | 300/- |
| 10 | സുമതി അമ്മ,രാജേഷ്ഭവൻ | 25 | 30 | 5 | 300/- |
| 11 | ഉഷാകുമാരി,പാലവിളവീട് | 25 | 60 | 35 | 2,100/- |
| 12 | അബ്ദുൾ സലീം,ചാർത്തൂർ വീട് | 25 | 45 | 20 | 1,200/- |
| 13 | ശാന്തമ്മ,സൗപർണ്ണിക | 25 | 30 | 5 | 300/- |
| 14 | ശ്രീനിവാസൻ,ശ്രീഗണേശം | 25 | 45 | 20 | 1,200/- |
| 15 | സിന്ദു,ഗീതാഭവൻ | 25 | 45 | 20 | 1,200/- |
| 16 | മോഹനൻ,മോഹനവിലാസം | 25 | 45 | 20 | 1,200/- |
| | | | | ആകെ | 10,200/- |

ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിയുടെ (1/21-7-17)മറുപടിയിൽ കൃഷി സ്ഥലം

കുറവുള്ളവർക്ക് നല്ല രീതിയിൽ കൃഷി നടത്തുന്നതിന് വേണ്ടി നല്കിയതാണെന്നും അപാകത ആവർത്തിക്കില്ലെന്നും മറുപടി നല്കിയിട്ടുണ്ട്. സബ്സിഡിയിനത്തിൽ അധികമായി ചെലവഴിച്ച തുക ഗുണഭോക്താക്കളിൽനിന്നും തിരികെ ഈടാക്കേണ്ടതാണ്.

### 3-11 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സാധനഘടകങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം സ്ഥായിയായതും ഉല്പാദന ക്ഷമവുമായ സാമൂഹ്യ ആസ്തികളുടെ നിർമ്മാണം ഉറപ്പാക്കുക എന്നതും ലക്ഷ്യമാക്കി തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾക്കുള്ള സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച് 31.03.12-ലെ സ.ഉ.(കൈ)നം.93/12/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ സിമന്റ് കോൺക്രീറ്റ് റോഡുകൾ ഉൾപ്പെടെയുള്ള ഗ്രാമീണ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാമെന്ന് 02.02.12-ലെ സ.ഉ.(സാധാ)നം.334/12 /ത.സ്വ.ഭ.വ. ഉത്തരവിലും സ.ഉ.(കൈ)നം.93/12/ത.സ്വ.ഭ.വ. ഉത്തരവിൽ നിർദ്ദേശിയ്ക്കുംപ്രകാരം സാധന സാമഗ്രികൾ വാങ്ങി നിർമ്മാണപ്രവൃത്തികൾ നടപ്പിലാക്കണമെന്ന് 30.03.15ലെ ടി.ടി2/116/2015/എൽ.എസ്.ജി.ഡി.നമ്പർ സർക്കുലറിലും സൂചിപ്പിച്ചിട്ടുണ്ട്. ഓരോ ഗ്രാമപഞ്ചായത്തിലും വേതനം, സാധന ഘടകങ്ങൾ എന്നിവ 60:40 എന്ന അനുപാതത്തിൽ നിലനില്ക്കത്തക്ക രീതിയിൽ സാധനഘടകങ്ങൾ ആവശ്യമുള്ള മറ്റ് പ്രവൃത്തികളുടെ കൂടെ പരമാവധി റോഡ്പ്രവൃത്തികളും ഏറ്റെടുക്കണമെന്ന് 24.06.15ലെ സ.ഉ.(കൈ)നം.202/15/ ത.സ്വ.ഭ.വ. ഉത്തരവിലും വ്യക്തമാക്കിയിട്ടുണ്ട്. 2015-16ൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരമുള്ള വിവിധ പ്രവൃത്തികൾക്ക് ജില്ലാതല പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ച് നൽകിയ സാധന സാമഗ്രികൾക്കുള്ള വിലകളും വിദഗ്ധ/അർദ്ധ വിദഗ്ധ തൊഴിലാളികൾക്കുള്ള കൂലിയും 20.07.15-ലെ എ1.539/15 നമ്പർ കത്ത് പ്രകാരംജോയിന്റ് ഡെപ്യൂട്ടി കമ്മീഷണർ അറിയിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും സാധനഘടകങ്ങൾ ഉപയോഗിച്ചുള്ള യാതൊരു പ്രവൃത്തികളും ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല. സാധനഘടകങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 15,000/- | നെൽക്രഷി വികസനം | 15,000/- | |
| ബ്ലോക്ക് പഞ്ചായത്ത് | | 25,000/- | ഐ.സി.ഡി.എസ്.സ്കോളർഷിപ്പ് | 25,000/- | |
| | | 20,000/- | നെൽക്രഷി വികസനം | 20,000/- | |
| | | 1,00,000/- | പാലിയേറ്റീവ് കെയർ | 1,00,000/- | |
| | | 3,00,000/- | മിൽക്ക് സബ്സിഡി | 3,00,000/- | |
| | | 37,851/- | തെങ്ങ് കൃഷി | 37,851/- | |
| | | 56,250/- | വാഴകൃഷി | 56,250/- | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റുവർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് ലൈറ്റ് മെയിൻ | | 7,83,230 | 0 | 7,83,230 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | - | 1,42,02,000/- | 2,22,900/- | 2,22,900/- | 4,71,783/- | ഇല്ല |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| | | | | | |
|---|---|---|---|---|---|
| 2007-08 | 3.3 | 2010-11 | 5.4.3 | ലക്ഷം വീട് ഒറ്റ വീടാക്കൽ പദ്ധതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണനയിൽ |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,12,39,208 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,73,93,326 |
| വരവിനങ്ങളിലുള്ള നഷ്ടം | 1,720 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,40,258 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 22,09,254 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

<table>
<tr><th rowspan="2">ഖണ്ഡിക നമ്പർ</th><th colspan="2">നഷ്ടമായ തുക</th><th></th><th rowspan="2">ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും</th></tr>
<tr><th>ചാർജ് ചെയ്യാവുന്നവ</th><th>സർചാർജ് ചെയ്യാവുന്നവ</th><th></th></tr>
<tr><td>2-5</td><td>1,720</td><td></td><td></td><td>പി.എം.ജോസഫ്,സെക്രട്ടറി</td></tr>
<tr><td></td><td></td><td rowspan="2">1,07,058</td><td>53,529</td><td>ശ്രീ.പി എം . ജോസഫ്,സെക്രട്ടറി</td></tr>
<tr><td>3-1</td><td></td><td>53,529</td><td>ശ്രീമതി.ജിജിമോൾ അലക്സ്,സെക്രട്ടറി.</td></tr>
<tr><td>3-2</td><td></td><td>23,000</td><td></td><td>ശ്രീമതി.ജിജിമോൾ അലക്സ്,സെക്രട്ടറി.</td></tr>
<tr><td>3-10</td><td></td><td>10,200</td><td></td><td>ശ്രീമതി.സജി,കൃഷി ഓഫീസർ</td></tr>
</table>

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 3,98,060/- | ശ്രീമതി.ജിജിമോൾ അലക്സ്, സെക്രട്ടറി |
| 3-7 -1,2 | 3,11,638/- | ഡോ.അനൂപ്, മെഡിക്കലോഫീസർ,പി.എച്ച്.സി. |
| 3-7.3 | 70,699/- | ഡോ.സൂസൻ ബ്രൂണോ. മെഡിക്കലോഫീസർ,ആയുർവേദം |
| 3.9 | 2,00,000/- | ഡോ.ശിവപ്രസാദ്, വെറ്ററിനറി സർജൻ |
| 3.9.1,2,3 | 9,38,357 | ശ്രീമതി.ഷീലാപണിക്കർ, ഹെഡ്മിസ്ട്രസ് |
| 3.9.4 | 2,90,500/- | ശ്രീമതി.ശ്രീകുമാരി, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ

വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി. എം . ജോസഫ്, സെക്രട്ടറി, | വിരമിച്ചു | പുത്തൻവിളവീട്, ഇരുമ്പനങ്ങാട്.പി.ഒ, എഴുകോൺ |
| ശ്രീമതി.ജിജിമോൾ അലക്സ്, സെക്രട്ടറി. | സെക്രട്ടറി, എഴുകോൺ പഞ്ചായത്ത് | ആനന്ദഭവനം, കുമ്പളം,കുണ്ടറ |
| ശ്രീമതി.സജി, കൃഷി ഓഫീസർ | കൃഷി ഓഫീസർ, എഴുകോൺ | കുഞ്ഞുവീട്, വെള്ളിനാട്, പള്ളിപ്പുറം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1988-89 | എൽ.എഫ്.ക്യൂ.പി3-1203/14,13-6-14 |
| 1989-90 | എൽ.എഫ്.ക്യൂ.പി3-1203/14,13-6-14 |
| 1990-91 | എൽ.എഫ്.ക്യൂ.പി3-1203/14,13-6-14 |
| 1991-92 | എൽ.എഫ്.ക്യൂ.പി3-1203/14,13-6-14 |
| 1992-93 | എൽ.എഫ്.ക്യൂ.പി3-1203/14,13-6-14 |
| 1993-94 | എൽ.എഫ്.ക്യൂ.പി3-1203/14,13-6-14 |
| 1994-95 | എൽ.എഫ്.ക്യൂ.പി3-1203/14,13-6-14 |

| | |
|---|---|
| 1995-96 | എൽ.എഫ്.ക്യൂ.പി3-1203/14,13-6-14 |
| 1996-97 | എൽ.എഫ്.ക്യൂ.പി3-1203/14,13-6-14 |
| 1997-98 | എൽ.എഫ്.ക്യൂ.പി3-1203/14,13-6-14 |
| 1998-99 | എൽ.എഫ്.ക്യൂ.പി3-1203/14,13-6-14 |
| 1999-00 | എൽ.എഫ്.ക്യൂ.പി3-1203/14,13-6-14 |
| 2000-01 | എൽ.എഫ്.ക്യൂ.പി3-1203/14,13-6-14 |
| 2001-02 | എൽ.എഫ്.ക്യൂ.പി3-1203(2)/14,13-6-14 |
| 2002-03 | എൽ.എഫ്.ക്യൂ.പി3-1203(3)/14,13-6-14 |
| 2003-04 | എൽ.എഫ്.ക്യൂ.പി3-1203(4)/14,13-6-14 |
| 2004-05 | എൽ.എഫ്.ക്യൂ.പി3-1203(5)/14,13-6-14 |
| 2005-06 | എൽ.എഫ്.ക്യൂ.പി3-1203(6)/14,13-6-14 |
| 2006-07 | എൽ.എഫ്.ക്യൂ.പി3-1203(7)/14,13-6-14 |
| 2007-08 | എൽ.എഫ്.ക്യൂ.പി3-1203/14,13-6-14 |
| 2008-09 | എൽ.എഫ്.ക്യൂ.പി3-1203(8)/14,13-6-14 |
| 2009-10 | എൽ.എഫ്.ക്യൂ.പി3-1203(9)/14,13-6-14 |
| 2010-11 | എൽ.എഫ്.ക്യൂ.പി3-1203(10)/14,13-6-14 |
| 2011-12 | എൽ.എഫ്.ക്യൂ.പി3-1806/13,14-8-13/19-9-13 |
| 2012-13 | എൽ.എഫ്.ക്യൂ.പി3-4/2015,12-2-15 |
| 2013-14 | |
| 2014-15 | |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.3- 40/17 തീ. 14-02-17 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

**4-10** ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം - പി.6 /1622/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി 11/09/2017

സാക്ഷ്യപത്രം 2016-2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ എഴുകോൺ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊല്ലം ജില്ലയിലെ എഴുകോൺ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നുഎന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.